LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങൾ

154 (165) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് വികസന പരിശീലന കേന്ദ്രങ്ങളുള്ളതെന്ന് അറിയിക്കുമോ; ഇവയ്ക്ക് കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമ വികസന വകുപ്പിന് കീഴിൽ നിലവിൽ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിലാണ് വികസന പരിശീലന കേന്ദ്രങ്ങളുള്ളത്. പരിശീലന പ്രവർത്തനങ്ങൾക്കായി വർഷാവർഷം റെക്കറിംഗ് ഗ്രാന്റും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നോൺ റെക്കറിംഗ് ഗ്രാന്റും ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ സർക്കാർ വകുപ്പിൽനിന്നും ഒഴിവാക്കുന്നതിനോ നിർത്തലാക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; ഇത് കേന്ദ്രസർക്കാർ ഫണ്ട് ലഭ്യതയെ ഏതുവിധത്തിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസന വകുപ്പിന് കീഴിലുള്ള പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ 13-2-2017-ലെ സ.ഉ.(എം.എസ്)നമ്പർ 34/2017/ത.സ്വ.ഭ.വ., 24-2-2021-ലെ സ.ഉ.(കൈ)നമ്പർ 65/2021/ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം കിലയുമായി സംയോജിപ്പിച്ച് ഇവയുടെ അക്കാഡമിക്-ഭരണപരമായ പ്രവർത്തനങ്ങൾ നിലവിൽ കിലയുടെ നിയന്ത്രണത്തി ലാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തെ ഇത് യാതൊരു വിധത്തിലും ബാധിക്കുന്നതല്ല. നിലവിൽ പരിശീലനങ്ങളുടെ നടത്തിപ്പിലേയ്ക്കായി റെക്കറിംഗ് ഗ്രാന്റ് എന്ന ശീർഷകത്തിൽ ധനസഹായം ലഭ്യമാകുന്നുണ്ട്.

(സി) പുതിയ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോതമംഗലത്ത് പുതിയൊരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കായി 2020-21, 2021-22 ബഡ്ജറ്റുകളിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിച്ചിട്ടില്ല.

(ഡി) ഗ്രാമീണ ജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകിവരുന്ന വികസന പരിശീലന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

തണ്ണീർതട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ

155 (166) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ സംസ്ഥാനത്തുള്ള നിയമ വ്യവസ്ഥ എന്തെല്ലാമാണ്?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5(3), 9 എന്നിവ പ്രകാരം അതത് പ്രാദേശിക സംരക്ഷണ സമിതികളുടെ ശിപാർശയിന്മേൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 4.04 ആർ വിസ്തൃതിയിലും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് 2.02 ആർ വിസ്തൃതിയിലും ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, അടിസ്ഥാന നികുതി രജിസ്റ്ററിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ഡാറ്റാബാങ്ക് പ്രകാരം നെൽവയൽ/തണ്ണീർത്തടം ആയി വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ 4.04 ആർ വരെ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിന്, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട്, വകുപ്പ് 27(A) പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ല. എന്നാൽ 27(A) പ്രകാരം, സ്വഭാവ വ്യതിയാന അനുമതി നേടി മാത്രം കെട്ടിടം നിർമ്മിക്കാവുന്നതായ ഇത്തരം ഒരു ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിക്ക് മുകളിലാണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ വീതം നിശ്ചയിക്കപ്പെടുന്ന പരിവർത്തന ഫീസിനുപുറമേ അപേക്ഷകൻ അടയ്ക്കേണ്ടതാണ്.

(ബി) ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷ പരിശോധിക്കുന്ന ആർ.ടി.പി./സി.ടി.പി. ഓഫീസുകളിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly